# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.711** **30/06/2015-ൽ മറുപടിക്ക്**

## മലബാർ കാൻസർ സെന്ററിന്റെ പ്രവർത്തന പുരോഗതി

**ചോദ്യം**

ശ്രീമതി.കെ.കെ.ലതിക

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ കാൻസർ സെന്ററിന്റെ പ്രവർത്തന പുരോഗതിക്കായി വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ ; | (എ) | ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കഴിഞ്ഞ ബജറ്റിൽ ഇതിനായി എത്ര തുകയാണ് നീക്കിവച്ചതെന്നും അവ ഏതെല്ലാം പദ്ധതികൾക്കാണെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ? | (ബി) | 2014-15 വർഷത്തെ ബജറ്റിൽ 2200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

| നം. | ഇനവിവരം | അനുവദിച്ച തുക (രൂപ ലക്ഷത്തിൽ) | കുറിപ്പ് |
|---|---|---|---|
| 1 | നഴ്സിംങ് കോളേജ് 2-ാം ഘട്ട നിർമ്മാണം | 825 | HLL നെയാണ് പ്രസ്തുത കെട്ടിട നിർമ്മാണ പ്രവർത്തികൾ ഏൽപ്പിച്ചിട്ടുണ്ടായിരുന്നത്. എന്നാൽ നിർമ്മാണ പ്രവർത്തികൾ ഇതേവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ HLL മായുള്ള കരാർ റദ്ദാക്കുകയും എം.സി.സി.യിലെ ഭാവിയിൽ വരുന്ന എല്ലാ പ്രധാനപ്പെട്ട എല്ലാ വർക്കുകളും ചെയ്യാൻ താത്പര്യമുള്ള ഏജൻസികളിൽ നിന്നും താത്പര്യപത്രം 29.06.2015-ന് മുമ്പായി സമർപ്പിക്കുവാൻ ക്ഷണിച്ചിട്ടുണ്ട്. |
| 2 | ലബോറട്ടറി ബ്ലോക്ക് നിർമ്മാണം രണ്ടാം ഘട്ടം | 345 | |

| | | | | | | |
|---|---|---|---|---|---|---|
| | | | 3 | ടെലികമ്മ്യൂണിക്കേഷൻ സിസ്റ്റം വാങ്ങുന്നതിലേയ്ക്ക് | 25 | 25 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചു. |
| | | | 4 | ജീര്യാട്രിക് ഓങ്കോളജി സേവനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് . | 105 | ഇതിൽ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി 44.11 ലക്ഷം രൂപ വിനിയോഗിച്ചു. ബാക്കി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| | | | 5 | 13th FC | 400 | 6.19 ലക്ഷം രൂപ ടെണ്ടർ നടപടികൾക്കായി വിനിയോഗിച്ചു. പർച്ചേസ് ഓർഡർ നല്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. |
| | | | 6 | ഒറ്റത്തവണ കേന്ദ്രസഹായം | 500 | തുക ഇതുവരെ ലഭിച്ചിട്ടില്ല. |
| | | | | **ആകെ** | **2200** | |

സെക്ഷൻ ഓഫീസർ